പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1051 13.06.2013-ൽ മറുപടിക്ക്.

## പ്രീ-പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും വേതനം

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും വേതനം നൽകിയില്ലെങ്കിൽ ഫയൽ കൈകാര്യം ചെയ്യുന്ന മുഴുവൻ ഗസറ്റഡ് ഓഫീസർമാരുടെയും ശമ്പളം തടയുമെന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ ഈ ഉത്തരവിൻമേൽ സ്വീകരിച്ച നടപടികൾ വിശദാമാക്കാമോ; | (ബി) സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയുള്ള മുഴുവൻ പ്രീ-പ്രൈമറി ജീവനക്കാർക്കും കുടിശ്ശിക തീർത്ത് ഓണറേറിയം അനുവദിക്കുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. |
| (സി) നിലവിൽ സംസ്ഥാനത്ത് എത്ര പ്രീ-പ്രൈമറി അദ്ധ്യാപകരും ആയമാരും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) ഗവൺമെന്റ് സ്കൂളിനോടനുബന്ധിച്ച് പി.ടി.എ നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളിൽ 2737 ടീച്ചർമാരും 1979 ആയമാരും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇവർക്ക് എത്ര മാസത്തെ വേതനം കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്താമോ; | (ഡി) | ബാലസേവിക കോഴ്സ് പാസ്സായവർ ഒഴികെയുള്ള യോഗ്യതയുള്ള അദ്ധ്യാപകർക്ക് മേയ് മാസത്തെ ഓണറേറിയം കുടിശ്ശികയുണ്ട്. ബാലസേവിക കോഴ്സ് കഴിഞ്ഞ-വർക്കും, നിശ്ചിതയോഗ്യത നേടാത്തവർക്കും 2012 ആഗസ്റ്റ് മുതൽ പ്രാബല്യത്തിൽ ഓണറേറിയം വർദ്ധിപ്പിച്ച് നൽകാൻ 25.4.2013 -ൽ സർക്കാർ ഉത്തരവായതിനെ തുടർന്ന് ടി വിഭാഗത്തിന് കുടിശ്ശികയുള്ളതിൽ 2013 ഏപ്രിൽ മാസത്തെ ഓണറേറിയം മാത്രം അനുവദിച്ചിട്ടുണ്ട്. |
| (ഇ) | സർക്കാർ ഇവരുടെ വേതനം വർദ്ധിപ്പിച്ചിരുന്നുവോ: എങ്കിൽ വിശദീകരിക്കാമോ? | (ഇ) | നിശ്ചിതയോഗ്യത നേടിയ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 7.12.2012 ലെ സ.ഉ (എംഎസ്) നം.385/12/പൊ.വി പ്രകാരം യഥാക്രമം 5000/- രൂപയും 3500/- രൂപയുമായി ഓണറേറിയം ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഇതേ ആനുകൂല്യം നിശ്ചിതയോഗ്യത നേടാത്തതും 01.08.12 ൽ ഒരു വർഷം സർവ്വീസ് പൂർത്തിയാക്കിയതുമായ എല്ലാ അദ്ധ്യാപകർക്കും ആയമാർക്കും അനുവദിക്കുന്നതിനും 25.4.2013 ലെ സ.ഉ (എംഎസ്) നം.146/13/പാ.വി പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ